നം.സി1/901/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം.
തീയതി :.07.07.2010.

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ കുത്തിത്തിരുകി സർവ്വീസ് നടത്തുന്നു എന്നുള്ള പരാതി സംബന്ധിച്ച്

സൂചന :-
1. സർക്കുലർ നമ്പർ 29/03
2. 29.02.2009 തീയ്യതിയിൽ ഈ ഓഫീസിൽ നിന്നുള്ള കത്ത് നം,സി1/10955/റ്റി.സി/2009
3. 24.09.09 തീയതിയിൽ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്
4. 27.02.2010 - ൽ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്
5. 20.01.2010 തീയതിയിൽ ശ്രീ.റഷീദ്, പ്രസിഡന്റ്, കേരള ജനവേദി ബഹുമാനപ്പെട്ട ഗതാഗത മന്ത്രി സമക്ഷം സമർപ്പിച്ച നിവേദനം.

മേൽ പറഞ്ഞ സൂചനകളിലേക്ക് താങ്കളുടെ വ്യക്തിഗത ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന (4) പ്രകാരം ശ്രീ.റഷീദ് തന്റെ നിവേദനത്തിൽ ആവശ്യപ്പെടുന്നത് വാഹനങ്ങളിൽ കുട്ടികളെ കുത്തി നിറച്ചു കൊണ്ട് പോകുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. ബസ്സുകളിലും, ഓട്ടോറിക്ഷകളിലും സ്കൂൾ കുട്ടികളെ കുത്തി നിറച്ച് സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്.

വാഹനങ്ങളിൽ കുട്ടികളെ കുത്തി നിറച്ചു കൊണ്ട് പോകുന്നത് അപകട സാധ്യത വർദ്ധിപ്പിക്കുകയും,ആയത് കുട്ടികളിൽ സമ്മർദ്ദം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട് എന്നത് വാസ്തവമാണ്. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ട് മാത്രമേ ഇത് ഇല്ലായ്മ ചെയ്യുവാൻ സാധ്യമാകുകയുള്ളൂ. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും കർശനമായ ചെക്കിംഗ് നടത്തേണ്ടതാണ്. കുട്ടികളെ കുത്തിനിറച്ചുകൊണ്ട് സർവ്വീസ് നടത്തുന്നത് പൂർണ്ണമായും ഇല്ലാതാക്കുന്നതിന്റെ ആദ്യപടിയെന്നോണം സ്കൂൾ അധികൃതരേയും, വാഹന ഉടമകളേയും, രക്ഷാകർത്താക്കളേയും ഇതിനെ കുറിച്ച് ബോധവാന്മാരാക്കേണ്ടത് അത്യന്താപേക്ഷിതവും ആയതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ബോധവല്ക്കരണത്തിനുശേഷവും,ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കുകയാണെങ്കിൽ അത്തരം വാഹനങ്ങൾക്കെതിരെ നിയമപ്രകാരം പെർമിറ്റ്, സി.എഫ്, ലൈസൻസ് ഇവ റദ്ദാക്കുക എന്നിവയുൾപ്പെടെ മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വഴി ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക ചെക്കിംഗ് നടത്തേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്
14/7/10